പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 863

10.06.2019-ൽ മറുപടിയ്ക്ക്

**കേരള കലാമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിലവിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നതെന്നും ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ;<br><br>ബി) ഈ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ? | എ) & ബി) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയത്തിന്റെയും ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെയും നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നത്. ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 5.8 കോടി രൂപയിൽ നിന്നും നാളിതുവരെ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുകയായ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പാണ് മേൽ പറഞ്ഞ രണ്ടു പ്രവൃത്തികളും ഏറ്റെടുത്തിരിക്കുന്നത്. രംഗകലാ മ്യൂസിയത്തിന്റെ ലിഫ്റ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു, കൂടാതെ ഇലക്ട്രോണിക് വർക്കിന്റെ ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.